പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2514 — 7.2.2019 -ൽ മറുപടിയ്ക്ക്

## ബേക്കൽ റിസോർട്ട് ഡവലപ്മെന്റ് കോർപ്പറേഷന് വകയിരുത്തിയ തുക

| ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | 2018-19 സാമ്പത്തിക വർഷത്തിൽ ബി.ആർ.ഡി.സി.ക്ക് (ബേക്കൽ റിസോർട്ട് ഡവലപ്മെന്റ് കോർപ്പറേഷൻ) സംസ്ഥാന ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിരുന്നത്; വ്യക്തമാക്കാമോ; | എ) | 2018-19 സാമ്പത്തിക വർഷത്തിൽ ബേക്കൽ റിസോർട്ട് ഡവലപ്മെന്റ് കോർപ്പറേഷന് സംസ്ഥാന ബജറ്റിൽ 330 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. |
| ബി) | ഇത് ഏതൊക്കെ പ്രവൃത്തികൾക്ക് ചെലവഴിക്കാനാണ് നിർദ്ദേശമുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ; | ബി) | വിനോദസഞ്ചാരകേന്ദ്രങ്ങൾ വികസിപ്പിക്കൽ, നിക്ഷേപം വർദ്ധിപ്പിക്കൽ, വിപണന സംരംഭങ്ങൾ എന്നിവയിലൂടെ കാസറഗോഡ്, കണ്ണൂർ ജില്ലകൾ, കോഴിക്കോട് ജില്ലയിലെ വടകര താലൂക്ക് എന്നിവ ഉൾപ്പെടുന്ന വടക്കേ മലബാർ പ്രദേശത്തെ വിനോദസഞ്ചാര വികസനം ശക്തിപ്പെടുത്തുന്നതിനായി ബി.ആർ.ഡി.സിയുടെ പ്രവർത്തന മേഖല പ്രസ്തുത പ്രദേശങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതിനാണ് തുക വകയിരുത്തിയത്. |
| സി) | നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ഏതൊക്കെ പ്രവൃത്തികൾക്കാണ് തുക ചെലവഴിച്ചത് വിശദാംശങ്ങൾ അറിയിക്കാമോ? | സി) | ബി.ആർ.ഡി.സി.ക്ക് 2018-19 വർഷത്തിൽ 148.50 ലക്ഷം രൂപ ലഭിച്ചു. ഇതിൽ 94.34 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു . |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ബി.ആർ.ഡി.സി.ക്ക് 2018-19 ബഡ്ജറ്റിൽ 330 ലക്ഷം രൂപ വകയിരുത്തിയിരുന്നു. വിനോദസഞ്ചാരകേന്ദ്രങ്ങൾ വികസിപ്പിക്കൽ, നിക്ഷേപം വർദ്ധിപ്പിക്കൽ, വിപണന സംരംഭങ്ങൾ എന്നിവയിലൂടെ കാസറഗോഡ്, കണ്ണൂർ ജില്ലകൾ, കോഴിക്കോട് ജില്ലയിലെ വടകര താലൂക്ക് എന്നിവ ഉൾപ്പെടുന്ന വടക്കെ മലബാർ പ്രദേശത്തെ വിനോദസഞ്ചാര വികസനം ശക്തിപ്പെടുത്തുന്നതിനായി ബി.ആർ.ഡി.സിയുടെ പ്രവർത്തന മേഖല പ്രസ്തുത പ്രദേശങ്ങളിൽ കൂടി വ്യാപിപ്പിക്കുന്നതിനാണ് തുക വകയിരുത്തിയത്. ബഡ്ജറ്റിൽ 330 ലക്ഷം രൂപ വകയിരുത്തിയിരുന്നതിൽ 148.50 ലക്ഷം രൂപയാണ് ലഭിച്ചത്. ഇതിൽ 94.34 ലക്ഷം രൂപ ബി.ആർ.ഡി.സി. ഇതുവരെയായി ചെലവഴിച്ചിട്ടുണ്ട്. താഴെ പറയുന്ന പ്രവൃത്തികൾക്കാണ് തുക ചെലവഴിച്ചിട്ടുള്ളത്. മാർച്ച് മാസത്തിനകം ബാക്കി തുക വിനിയോഗിക്കുന്നതാണ്.

| ക്രമ നമ്പർ | ഇനം | ഇതുവരെ ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 1 | ഉത്തര മലബാറിന്റെ വിശിഷ്ടമായ പ്രത്യേകതകളെ കുറിച്ചുള്ള 10 വീഡിയോ ബ്രോഷറിന്റെ നിർമ്മാണം | 31.5 |
| 2 | സംരംഭകത്വ വികസന പദ്ധതി വർക്ക്ഷോപ്പ് തുടർ പ്രവർത്തനങ്ങൾ, പ്രാദേശിക പ്രചാരണം എന്നിവ | 23.13 |
| 3 | സർക്കാർ നയങ്ങൾക്ക് അനുസൃതമായി നിലവിലുള്ള ടൂറിസം ഉല്പന്നങ്ങൾക്കുള്ള ഉന്നമനവും പ്രചാരണവും | 39.71 |

സെക്ഷൻ ഓഫീസർ